# 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 189** | **23-01-2025 - ൽ മറുപടിയ്ക്ക്**

### കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിടം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കൂത്തുപറമ്പ് താലൂക്ക് ആശുപത്രിക്ക് വേണ്ടി നിർമ്മിച്ച 12 നിലകളുള്ള പുതിയ കെട്ടിടം പ്രവർത്തന സജ്ജമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ പുരോഗതി അറിയിക്കുമോ; | (എ) | കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയ്ക്ക് വേണ്ടി നിർമ്മിച്ച 12 നിലകളുള്ള പുതിയ കെട്ടിടം പ്രവർത്തന സജ്ജമാക്കുന്നതിന് ആവശ്യമായ ഉപകരണങ്ങളും ഫർണിച്ചറുകളും അനുവദിക്കുന്നതിന് ആവശ്യമായ പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു. |
| (ബി) | പ്രസ്തുത ആശുപത്രിയുടെ സേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും, തസ്തികകൾ സൃഷ്ടിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്നും, ആയതിന്റെ പുരോഗതിയും വിശദമാക്കുമോ; | (ബി) | ആരോഗ്യ വകുപ്പിൽ ഗ്യാപ്പ് അനാലിസിസ് നടത്തി അനിവാര്യമായ തസ്തികകൾ ഘട്ടം ഘട്ടമായി സൃഷ്ടിക്കുന്ന വിഷയം പരിശോധിച്ച് വരുന്നു. കൂടാതെ സ്ഥിരം തസ്തികകൾക്ക് പുറമേ NHM/LSGD /KASP മുഖേന ജീവനക്കാരെ നിയമിച്ചും ആശുപത്രിയുടെ സേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. |
| (സി) | കൂത്തുപറമ്പ് താലൂക്ക് ആശുപത്രി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുന്നതോടെ പൊതുജനങ്ങൾക്ക് എന്തൊക്കെ സേവനങ്ങളാണ് ലഭ്യമാവുകയെന്ന് വിശദമാക്കുമോ? | (സി) | നിലവിൽ ആശുപത്രിയിൽ പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന എല്ലാ സേവനങ്ങളും ആശുപത്രി പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുന്നതോടെ ലഭ്യമാകുന്നതാണ്. നിലവിൽ മെഡിസിൻ, സർജറി, ഓർത്തോ, ഒ&ജി എന്നീ സേവനങ്ങളാണ് നൽകി വരുന്നത്. പുതിയ കെട്ടിടത്തിൽ ഐ.സി.യു പീഡിയാട്രിക്സ്, ന്യൂബോൺ, മെഡിക്കൽ, സർജിക്കൽ സൗകര്യവും, ഓപ്പറേഷൻ തീയറ്റർ സമുച്ചയവും (ജനറൽ സർജറി, ഒഫ്താൽമോളജി, ഗൈനക്, ഇ.ൻ.ടി, ഓർത്തോ) സജ്ജീകരിച്ചിട്ടുണ്ട്. ഇപ്പോൾ നിലവിൽ 68 കിടക്കകൾ സജ്ജീകരിച്ചാണ് കിടത്തി ചികിത്സാ സൗകര്യം ലഭ്യമാക്കുന്നത്. പുതിയ ബിൽഡിംഗിൽ 171 കിടക്കകൾ സജ്ജീകരിക്കുന്നതിനുള്ള സൗകര്യമുണ്ട്. കൂടാതെ മെഡിക്കൽ റെക്കോർഡ് ലൈബ്രറിയും സജ്ജീകരിച്ചുണ്ട്. |

സെക്ഷൻ ഓഫീസർ